സൂറഃ-9

# അത്തൗബ

**9.** അവർ ദൈവികസൂക്തങ്ങൾ തുഛവിലയ്ക്ക് വിറ്റുകളഞ്ഞു. എന്നിട്ടവന്റെ മാർഗത്തിൽ തടസ്സമായി നിലകൊണ്ടു. എത്ര മ്ലേഛമാണവർ ചെയ്തുകൊണ്ടിരിക്കുന്നത്!
**10.** വിശ്വാസിയുടെ കാര്യത്തിൽ അവർ രക്തബന്ധമോ സന്ധിവ്യവസ്ഥയോ ഒന്നും നോക്കുന്നില്ല. അതിക്രമിക്കുന്നതും അവർ തന്നെയാണ്.
**11.** എന്നാൽ ഇനി സ്വന്തം ചെയ്തികളിൽ പശ്ചാത്തപിക്കുകയും നമസ്കാരമനുഷ്ഠിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്നുവെങ്കിൽ, അവർ നിങ്ങളുടെ ദീനീസഹോദരങ്ങളാകുന്നു. അറിയാനാഗ്രഹിക്കുന്ന ജനങ്ങൾക്കുവേണ്ടി നാം സൂക്തങ്ങൾ വിശദീകരിച്ചുതരികയാകുന്നു.

ٱشْتَرَوْا۟ بِـَٔايَـٰتِ ٱللَّهِ ثَمَنًا قَلِيلًا فَصَدُّوا۟ عَن سَبِيلِهِۦٓ
إِنَّهُمْ سَآءَ مَا كَانُوا۟ يَعْمَلُونَ ﴿٩﴾
لَا يَرْقُبُونَ فِى مُؤْمِنٍ إِلًّا وَلَا ذِمَّةً ۚ وَأُو۟لَـٰٓئِكَ هُمُ ٱلْمُعْتَدُونَ ﴿١٠﴾
فَإِن تَابُوا۟ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ فَإِخْوَٰنُكُمْ فِى
ٱلدِّينِ ۗ وَنُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَعْلَمُونَ ﴿١١﴾

ٱشْتَرَوْا۟ = അവർ വാങ്ങി (വിറ്റുകളഞ്ഞു) بِـَٔايَـٰتِ ٱللَّهِ = ദൈവിക സൂക്തങ്ങ(ളെ)ൾക്കു പകരം ثَمَنًا = വില(യ്ക്ക്)യെ
قَلِيلًا = തുഛമായ فَصَدُّوا۟ = എന്നിട്ടവർ വിലക്കി(തടസ്സമായി നിലകൊണ്ടു) عَن سَبِيلِهِۦٓ = അവന്റെ മാർഗത്തിൽ
إِنَّهُمْ = തീർച്ചയായും അവർ سَآءَ = എത്ര ദുഷ്ടം, ചീത്തയായിരിക്കുന്നു مَا كَانُوا۟ يَعْمَلُونَ = അവർ ചെയ്തുകൊണ്ടിരുന്നത്
لَا يَرْقُبُونَ = അവർ നോക്കുന്നില്ല فِى مُؤْمِنٍ = വിശ്വാസിയിൽ(വിശ്വാസിയുടെ കാര്യത്തിൽ) إِلًّا = രക്തബന്ധം(മോ)
وَلَا ذِمَّةً = ഉത്തരവാദിത്വവുമില്ല(കരാർ വ്യവസ്ഥകളോ ഒന്നും) وَأُو۟لَـٰٓئِكَ هُمُ = അവർ തന്നെയാണ്
ٱلْمُعْتَدُونَ = അതിക്രമിക്കുന്നവർ(ന്നതും) فَإِن تَابُوا۟ = (എന്നാൽ സ്വന്തം ചെയ്തികളിൽ) അക്കൂട്ടർ പശ്ചാത്തപിക്കുകയാണെങ്കിൽ
وَأَقَامُوا۟ ٱلصَّلَوٰةَ = അവർ നമസ്കാരം നിലനിർത്തി(ത്തുകയും)
وَءَاتَوُا۟ ٱلزَّكَوٰةَ = അവർ സകാത്ത് കൊടുത്തു(ക്കുകയും ചെയ്യുകയാണെങ്കിൽ)
فَإِخْوَٰنُكُمْ = അപ്പോൾ (അവർ) നിങ്ങളുടെ സഹോദരങ്ങളാകുന്നു فِى ٱلدِّينِ = ദീനിൽ
وَنُفَصِّلُ = നാം വിശദീകരിച്ചുതരികയാകുന്നു ٱلْـَٔايَـٰتِ = സൂക്തങ്ങൾ (നമ്മുടെ വിധികൾ) لِقَوْمٍ = ജനത്തിന്
يَعْلَمُونَ = അവർ അറിയുന്നു (അറിയാൻ ആഗ്രഹിക്കുന്ന)

**9,10:** കരാറുകൾ ലംഘിക്കുന്ന വിഗ്രഹാരാധകരുടെ ഏറ്റവും വലിയ അധാർമിക നടപടികൾ സൂചിപ്പിക്കുകയാണീ വാക്യം. അവരുടെ ഈ നിലപാട് അവരുമായുള്ള കരാറുകൾ ദുർബലപ്പെടാനുള്ള ന്യായവുമാണ്. ദൈവിക ശാസനകൾ അംഗീകരിക്കാനോ അനുസരിക്കാനോ അവർ തയാറാകുന്നില്ല. തുഛമായ ഭൗതിക നേട്ടത്തിനുവേണ്ടി ദൈവിക സന്ദേശങ്ങളെ അവർ വിറ്റുകളഞ്ഞു. إشترى എന്ന വാക്കിനർഥം വാങ്ങി എന്നാണ്. ٱشْتَرَوْا۟ بِـَٔايَـٰتِ ٱللَّهِ ثَمَنًا قَلِيلًا എന്നാൽ, ദൈവികസൂക്തങ്ങൾ കൊണ്ട് തുഛ വില വാങ്ങി, അഥവാ തുഛ വിലയ്ക്കു വിറ്റുകളഞ്ഞു എന്നർഥം. കൈവശമുള്ളത് കൊടുത്ത് പകരം മറ്റൊന്ന് സ്വീകരിക്കുകയാണല്ലോ വാങ്ങൽ-പർച്ചേയ്സിംഗ്. സന്മാർഗം എല്ലാ മനുഷ്യരുടെയും പ്രകൃതിയിൽ അല്ലാഹു നിക്ഷേപിച്ചിട്ടുള്ള സ്വത്താണ്. അത് വെളിപ്പെടുത്തിത്തരികയാണ് പ്രവാചകനും വേദസൂക്തങ്ങളും ചെയ്യുന്നത്. മനുഷ്യർ അവയെ തള്ളിക്കളയുന്നുവെങ്കിൽ അത് ഭൗതികനേട്ടങ്ങൾക്കു വേണ്ടിയാണ്. ഭൗതികജീവിതത്തിലെ നേട്ടങ്ങൾ എത്ര വിപുലമായിരുന്നാലും പരലോകത്തെ അപേക്ഷിച്ച് അതീവ തുഛവും ക്ഷണികവുമാണ്. തന്റെ ഇഹപര വിജയത്തിനു നിദാനമായ അമൂല്യ സമ്പത്ത് ക്ഷുദ്രമായ താൽക്കാലിക സുഖത്തിനു വേണ്ടി വിൽക്കുകയാണവൻ. അതിനേക്കാൾ മ്ലേഛമായ നടപടി മറ്റെന്താണുള്ളത്! അത്തരക്കാരുമായി അല്ലാഹുവും റസൂലും കരാർ നിലനിർത്തുന്നതെങ്ങനെ?

ഇവിടെ 'ദൈവിക സൂക്തങ്ങൾ തുഛ വിലയ്ക്ക് വിൽക്കുന്നു' എന്നു പറഞ്ഞത്, അക്കാലത്ത് അറേബ്യയിലുണ്ടായിരുന്ന യഹൂദരെക്കുറിച്ചാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. വിഗ്രഹാരാധകരുടെ കൈവശം വേദം (ദൈവിക സൂക്തങ്ങൾ) ഉണ്ടായിരുന്നില്ല. എന്നാൽ യഹൂദരുടെ കൈവശം തൗറാത്ത് ഉണ്ടായിരുന്നു. മുഹമ്മദീയ പ്രവാചകത്വത്തെയും അദ്ദേഹത്തിന്റെ സന്ദേശങ്ങളെയും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ സാക്ഷ്യങ്ങളെയെല്ലാം അവർ തുഛമായ ഭൗതിക താൽപര്യങ്ങൾക്കു വേണ്ടി മറച്ചുവെക്കുകയോ ദുർവ്യാഖ്യാനിക്കുകയോ ചെയ്തതിനെക്കുറിച്ചാണ്, ദൈവിക സൂക്തങ്ങൾ തുഛവിലയ്ക്ക് വിറ്റുകളഞ്ഞു എന്നു പറഞ്ഞിരിക്കുന്നത്. അതുവഴി അവർ ദൈവികമാർഗത്തിൽനിന്ന് സ്വയം വിട്ടുനിൽക്കുകയും മറ്റുള്ളവരെ തടയുകയുമായിരുന്നു. വാസ്തവത്തിൽ മറ്റുള്ളവരേക്കാൾ മുമ്പേ മുഹമ്മദീയ സന്ദേശം സ്വീകരിക്കുകയും അതിന്റെ പ്രചാരകരാവുകയും ചെയ്യേണ്ടത് അവരായിരുന്നു. ആ നിലക്ക് അവരിൽനിന്നുണ്ടാകുന്ന നിഷേധവും ശത്രുതയും മറ്റുള്ളവരിൽനിന്നുണ്ടാകുന്നതിനേക്കാൾ ഏറെ നികൃഷ്ടവും മ്ലേഛവുമാണ്.

لَا يَرْقُبُونَ فِى مُؤْمِنٍ إِلًّا وَلَا ذِمَّةً എന്ന വാക്യത്തിന്റെ ആശയം നേരത്തെ എട്ടാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ അതാവർത്തിച്ചതിലൂടെ ദൈവികസൂക്തങ്ങൾ തുഛ വിലയ്ക്ക് വിൽക്കുക, ദൈവിക മാർഗത്തിൽനിന്ന് ജനങ്ങളെ തടയുക തുടങ്ങിയ ദുഷ്ചെയ്തികളുടെ ഭാഗമാണ്, കുടുംബബന്ധങ്ങളും സഖ്യബന്ധങ്ങളും മാനിക്കാതിരിക്കൽ എന്ന് വ്യക്തമാക്കുകയാണ്. وَأُو۟لَـٰٓئِكَ هُمُ ٱلْمُعْتَدُونَ ന്റെ പദാനുപദ തർജമ 'തീർച്ചയായും അവർ അതിക്രമകാരികളാകുന്നു' എന്നാണ്. പ്രവാചകനുമായി സന്ധി ചെയ്തിട്ട് അത് ലംഘിക്കുന്നവർ ധിക്കാരികളും പാപികളും- فَـٰسِقُونَ - ആണെന്ന് എട്ടാം സൂക്തത്തിലും, അവർ ചെയ്യുന്നത് ദുഷ്ട ചെയ്തികളാണെന്ന് ഒമ്പതാം സൂക്തത്തിലും പറഞ്ഞു കഴിഞ്ഞിരിക്കുന്നു. അനന്തരം ഇവിടെ അവർ അതിക്രമകാരികളാകുന്നു എന്നു പറഞ്ഞത്, കരാറുലംഘനത്തെത്തുടർന്നുള്ള അതിക്രമങ്ങൾ എപ്പോഴും അവരുടെ ഭാഗത്തുനിന്നാണ് ഉണ്ടാകുന്നത് എന്നു വ്യക്തമാക്കാനാണ്. 'അതിക്രമം എപ്പോഴും അവരുടെ ഭാഗത്തുനിന്നുതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നു' എന്നും ചില പണ്ഡിതന്മാർ അതിനെ തർജമ ചെയ്തിട്ടുണ്ട്. 13-ാം സൂക്തത്തിൽ ഇക്കാര്യം وَهُم بَدَءُوكُمْ أَوَّلَ مَرَّةٍ -അവരാണ് ആദ്യം നിങ്ങളോട് അക്രമം തുടങ്ങിയത്- എന്ന് വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്.

ഒരു പ്രകോപനവുമില്ലാതെ കരാർ വ്യവസ്ഥകൾക്കെതിരായി പ്രവർത്തിക്കാൻ മുന്നോട്ടുവരുന്നതിലും, വിശ്വാസികളെ ദ്രോഹിക്കാൻ അവസരം കിട്ടിയാൽ സന്ധിബന്ധങ്ങളൊന്നും മാനിക്കാതെ ആ അവസരം ഉപയോഗപ്പെടുത്തുന്നതിലും യഹൂദർ വിഗ്രഹാരാധകരുടെ ഒട്ടും പിറകിലായിരുന്നില്ല. ഒമ്പതാം സൂക്തത്തിൽ 'ദൈവിക സൂക്തങ്ങൾ വിൽക്കുന്നവർ' എന്നതുകൊണ്ടുദ്ദേശ്യം യഹൂദരാണെങ്കിൽ, പത്താം സൂക്തത്തിൽ 'സന്ധിബന്ധങ്ങൾ മാനിക്കാതെ അതിക്രമത്തിലേർപ്പെടുന്നവർ' എന്നതുകൊണ്ടുദ്ദേശിക്കപ്പെട്ടതും അവർ തന്നെയായിരിക്കും. എന്നാൽ ഒരു പൊതു വിളംബരത്തിലെ വചനങ്ങൾ എന്ന നിലയിൽ ഇതിനെ ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽ പരിമിതപ്പെടുത്താതിരിക്കുന്നതാണ് കൂടുതൽ ഉചിതമായി തോന്നുന്നത്.

**11:** അഞ്ചാം സൂക്തത്തിൽ പറഞ്ഞ കാര്യം ആവർത്തിക്കുകയാണ് ഈ സൂക്തം. പശ്ചാത്തപിക്കുകയും നമസ്കരിക്കാനും സകാത്തു കൊടുക്കാനും തയാറാവുകയും ചെയ്യുന്നവരെ വെറുതെ വിടണം- فَخَلُّوا۟ سَبِيلَهُمْ - എന്നാണ് അവിടെ പറഞ്ഞത്. അതിന്റെ വിശദീകരണം ഈ സൂക്തത്തിലുണ്ട്. അതായത് 'വെറുതെ വിടുക' എന്നതിന്റെ താൽപര്യം അവരെ ദ്രോഹിക്കാതിരിക്കുക എന്നു മാത്രമല്ല; ആദർശ സഹോദരന്മാരായി അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നു കൂടിയാണ്. ഇസ്‌ലാമിൽ ആദർശബന്ധമാണ് മറ്റെല്ലാ ബന്ധങ്ങളേക്കാൾ ഊഷ്മളവും ദൃഢവുമായിട്ടുള്ളത്. ആദർശബന്ധവും കുടുബബന്ധവും തമ്മിൽ ഏറ്റുമുട്ടിയാൽ വിജയിക്കേണ്ടത് ആദർശബന്ധമാണ്. കുടുംബത്തിനു വേണ്ടി ദീൻ ഉപേക്ഷിച്ചുകൂടാ; എന്നാൽ ദീൻ നിലനിർത്തുന്നതിനുവേണ്ടി കുടുംബത്തെ വെടിയാം. അങ്ങനെ വെടിഞ്ഞവരാണ് മുഹാജിറുകൾ. മുഹാജിറുകൾക്ക് മക്കയിലുള്ള അവരുടെ രക്തബന്ധുക്കളേക്കാൾ മദീനയിലെ അൻസ്വാറുകൾ ഉറ്റവരായിത്തീർന്നതും അൻസ്വാറുകൾക്ക് സ്വജനത്തേക്കാൾ മുഹാജിറുകൾ ഉറ്റവരായിത്തീർന്നതും അവർ പരസ്പരം സഹായികളും സംരക്ഷകരുമായതും ആദർശബന്ധത്തിന്റെ ദൃഢതയും ഊഷ്മളതയും മൂലമാണ്. ഒരാൾ നേരത്തെ എത്ര കടുത്ത വിരോധിയും മർദകനുമായിരുന്നാലും, അതിലെല്ലാം പശ്ചാത്തപിച്ച് ദീനിന്റെ കർമധർമങ്ങൾ അനുഷ്ഠിക്കാൻ തയാറാകുന്നതോടെ അയാൾ മുസ്‌ലിം സമുദായത്തിലെ അംഗവും വിശ്വാസികളുടെ സഹോദരനുമായിത്തീരുന്നു. തുടർന്ന് മറ്റു വിശ്വാസികൾക്കുള്ള എല്ലാ അവകാശങ്ങളും ബാധ്യതകളും അയാൾക്കുണ്ടായിരിക്കും. സമുദായത്തിലെ അംഗങ്ങൾക്ക് മറ്റംഗങ്ങളോടുള്ള സഹകരണത്തിന്റെയും സംരക്ഷണത്തിന്റെയും ബാധ്യത അയാളോടും ഉണ്ടായിരിക്കും. إِنَّمَا ٱلْمُؤْمِنُونَ إِخْوَةٌ (വിശ്വാസികൾ പരസ്പരം സഹോദരന്മാർ മാത്രമാകുന്നു) എന്ന് ഖുർആൻ മറ്റൊരിടത്ത് പ്രസ്താവിക്കുന്നുണ്ട്. പരസ്പരം സഹോദരന്മാരായി വർത്തിക്കാത്തവർ വിശ്വാസികളാകുന്നില്ല എന്നാണ് അതിന്റെ മറ്റൊരു അർഥം.

وَنُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَعْلَمُونَ (അറിയാനാഗ്രഹിക്കുന്ന ജനത്തിനു വേണ്ടി നാം സൂക്തങ്ങൾ വിശദീകരിച്ചുതരികയാകുന്നു) എന്ന വാക്യം വിശ്വാസികൾക്കും അവിശ്വാസികൾക്കും ഉള്ള ഒരു ഉദ്ബോധനമാണ്. آيات കൊണ്ട് ഉദ്ദേശിക്കുന്നത് ഖുർആൻ സൂക്തങ്ങളാകാം, അല്ലാഹുവിന്റെ വിധിവിലക്കുകളുമാകാം. രണ്ടായാലും താൽപര്യം ഇതാണ്: യാഥാർഥ്യങ്ങൾ ഗ്രഹിക്കാനാഗ്രഹിക്കുന്നവർക്ക് അല്ലാഹു വേദസൂക്തങ്ങളിലൂടെ അത് വ്യക്തമായി വിശദീകരിച്ചുകൊടുത്തിരിക്കുന്നു. ഇനി വിശ്വാസികൾ ബഹുദൈവാരാധകരോട് പെരുമാറേണ്ടത് ഈ സൂക്തങ്ങളിൽ നിർദേശിച്ചിട്ടുള്ളതനുസരിച്ചാണ്. ബഹുദൈവാരാധകരാകട്ടെ, ഈ നിർദേശങ്ങളിൽ നിന്നു ഭിന്നമായ സമീപനം മുസ്‌ലിംകളിൽനിന്ന് പ്രതീക്ഷിക്കേണ്ടതുമില്ല.

കഴിഞ്ഞ 7,8 സൂക്തങ്ങളിൽ പറഞ്ഞത് സന്ധിലംഘിക്കുന്ന യഹൂദരെക്കുറിച്ചായിരുന്നുവെന്നും അവരിൽനിന്ന് ഇസ്‌ലാമിലേക്കു വന്നവരെക്കുറിച്ചാണ് ഈ സൂക്തം സംസാരിക്കുന്നതെന്നും ഒരു വ്യാഖ്യാനമുണ്ട്. അതായത് അഞ്ചാം സൂക്തത്തിൽ പറഞ്ഞത് വിഗ്രഹാരാധകരായ ശത്രുക്കളിൽനിന്ന് ഇസ്‌ലാമിലേക്ക് വരുന്നവരെ കുറിച്ചാണ്. വിശ്വാസികൾ അവരോട് സ്വീകരിക്കണമെന്നാവശ്യപ്പെട്ട സമീപനം തന്നെയാണ് വേദക്കാരായ ശത്രുക്കളിൽനിന്ന് ഇസ്‌ലാമിലേക്ക് വരുന്നവരോടും സ്വീകരിക്കേണ്ടതെന്നു വ്യക്തമാക്കിയിരിക്കുകയാണ് ഈ സൂക്തത്തിൽ. അതനുസരിച്ച് ഈ സൂക്തം അഞ്ചാം സൂക്തത്തിന്റെ ആവർത്തനമല്ല, അനുബന്ധമാണ്.

ഒരാൾ മുസ്‌ലിമായി അംഗീകരിക്കപ്പെടുന്നതിനുള്ള മാനദ

ണ്ഡമായി മിക്ക കർമശാസ്ത്രകാരന്മാരും സ്വീകരിച്ചിട്ടുള്ളത് ഈ സൂക്തമാണ്. ഇസ്‌ലാംവിരുദ്ധ പ്രവർത്തനങ്ങളിൽനിന്ന് പിന്മാറി വിശ്വാസം പ്രഖ്യാപിക്കുകയും നമസ്കരിക്കാനും സകാത്ത് കൊടുക്കാനും സന്നദ്ധമാവുകയും ചെയ്തവൻ മുസ്‌ലിമായി പരിഗണിക്കപ്പെടുകയും മുസ്‌ലിം സമൂഹത്താൽ സംരക്ഷിക്കപ്പെടുകയും ചെയ്യണം. ഇക്കാര്യത്തിൽ തർക്കമില്ല. ഈ മൂന്നു കാര്യങ്ങളും ഒരുമിച്ചുണ്ടാവണമോ അതല്ല ഏതെങ്കിലും ഒന്നോ രണ്ടോ ഉണ്ടായാൽ മതിയോ എന്നൊരു ചോദ്യമുണ്ട്. തൗബയും വിശ്വാസ പ്രഖ്യാപനവും കാപട്യമാകാവുന്നതാണ്. നമസ്കാരവും സകാത്തുമാണ് വിശ്വാസത്തിന്റെ യാഥാർഥ്യം വെളിപ്പെടുത്തുന്നത്. അതിനാൽ അത് രണ്ടുമില്ലാത്തയാളുടെ, താൻ വിശ്വാസിയാണെന്ന വാദം പരിഗണനീയമല്ല. ഇനി ഒരാൾ വിശ്വാസം വാദിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നുണ്ട്, സകാത്ത് കൊടുക്കുന്നില്ല; അല്ലെങ്കിൽ സകാത്ത് കൊടുക്കുന്നുണ്ട്, നമസ്കരിക്കുന്നില്ല; ഇയാളെ എങ്ങനെ പരിഗണിക്കണം? ഖുർആൻ മൂന്നു കാര്യങ്ങളെയും കൂട്ടിച്ചേർത്താണ് പറഞ്ഞിരിക്കുന്നത്; ഇതല്ലെങ്കിൽ അത് തെരഞ്ഞെടുക്കാമെന്ന അർഥത്തിൽ, പശ്ചാത്തപിക്കുകയോ നമസ്കരിക്കുകയോ സകാത്ത് കൊടുക്കുകയോ ചെയ്യുന്നുവെങ്കിൽ എന്നല്ല. അതിനാൽ മുസ്‌ലിമായി പരിഗണിക്കാൻ ചുരുങ്ങിയത് ഈ മൂന്നു കാര്യങ്ങളെങ്കിലും ഒരുമിച്ചുണ്ടായിരിക്കണം. അബൂബക്കർ(റ) ഖലീഫയായിരുന്നപ്പോൾ സകാത്ത് നിഷേധിച്ചവർ ഏകദൈവത്തിൽ വിശ്വസിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നവരായിരുന്നു. അവരോട് യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "അല്ലാഹു കൂട്ടിച്ചേർത്തതിനെ വേർപ്പെടുത്താൻ നാം സമ്മതിക്കുകയില്ല." അതായത് ഈമാനും നമസ്കാരവും സകാത്തും ഒരുമിച്ചാണ് അല്ലാഹു കൽപിച്ചിരിക്കുന്നത്. അതിനെ വേർപെടുത്തി ഇഷ്ടാനുസാരം ചിലതിനെ തള്ളുകയും കൊള്ളുകയും ചെയ്യുന്നത് ഇസ്‌ലാംവിരുദ്ധ നടപടിയാണ്.

ചില പണ്ഡിതന്മാർ ഈ വീക്ഷണത്തോട് വിയോജിച്ചിട്ടുണ്ട്. വിശ്വാസമാണ് സദാ നിലനിൽക്കുന്നതും എല്ലാവർക്കും എപ്പോഴും നിലനിർത്താവുന്നതുമായ സംഗതി. നമസ്കാരവും സകാത്തും അതിനുള്ള കഴിവിനെ ആശ്രയിച്ചിരിക്കുന്നു. നമസ്കരിക്കാൻ അല്ലെങ്കിൽ സകാത്ത് കൊടുക്കാൻ കഴിവില്ലാത്തവൻ അതിന്റെ പേരിൽ അവിശ്വാസിയായി പരിഗണിക്കപ്പെടാവതല്ല. അതുകൊണ്ട് സാക്ഷ്യവചനം ഏറ്റുപറഞ്ഞവരൊക്കെ വിശ്വാസികൾതന്നെ. ഇതാണവരുടെ നിലപാട്. ഇതിനു മറുപക്ഷം നൽകുന്ന മറുപടി ഇതാണ്: നമസ്കരിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുക എന്നതിനർഥം, സദാ സമയവും ഈ രണ്ടു കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുക എന്നല്ല. പ്രത്യുത അവയെ ദൈവശാസനകളായി അംഗീകരിക്കുകയും അനുസരിക്കാൻ സന്നദ്ധനാവുകയും ചെയ്യുക എന്നാണ്. അതിൽ കഴിവിന്റെയും കഴിവുകേടിന്റെയും പ്രശ്നമില്ല. അംഗീകരണവും അനുസരണ സന്നദ്ധതയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിവും സൗകര്യവുമൊക്കെ വേണം. അതുള്ളവരേ അത് പ്രവൃത്തിയിൽ കൊണ്ടുവരേണ്ടതുള്ളുതാനും. لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا (അല്ലാഹു ഒരാത്മാവിനോടും അതിന്റെ കഴിവിൽ കവിഞ്ഞത് കൽപിക്കുന്നില്ല). ചില കാര്യങ്ങൾ ചിലപ്പോൾ ചിലർക്ക് കഴിവിന്നതീതമാകുന്നതിനാൽ കഴിവിന്നധീനമായവർ അതുപേക്ഷിക്കുന്നതു നിഷേധമാകാതിരിക്കുകയില്ല.

മുസ്‌ലിം സമുദായത്തിലെ ഒരംഗം നമസ്കരിക്കാതിരിക്കുകയോ സകാത്ത് കൊടുക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഇസ്‌ലാമിക ഗവൺമെന്റ് അയാൾക്കെതിരെ കൈക്കൊള്ളേണ്ട നടപടിയോ നമസ്കാരത്തിലും സകാത്തിലും വീഴ്ചവരുത്തുന്ന ഒരാളോട് സമുദായത്തിലെ മറ്റംഗങ്ങൾ സ്വീകരിക്കേണ്ട നിലപാടോ അല്ല ഈ സൂക്തം ചർച്ച ചെയ്യുന്നത്. അതൊക്കെ വേറെ വിഷയങ്ങളാണ്. മുസ്‌ലിംകളോട് യുദ്ധത്തിലേർപ്പെട്ട ശത്രുക്കൾ അതിൽനിന്ന് പിന്മാറി പശ്ചാത്തപിക്കുകയാണെങ്കിൽ ആ പശ്ചാത്താപം സ്വീകരിക്കാനുള്ള മാനദണ്ഡവും സ്വീകരിച്ചാൽ അവരോട് അവലംബിക്കേണ്ട സമീപനവുമാണ് ഇവിടെ വിഷയം. ■